വസ്ത്രങ്ങൾ ധരിക്കുന്നത് തടയുവാനും അവർക്ക് സുരക്ഷിതമായ തൊഴിൽ സാഹചര്യം സൃഷ്ടിക്കുവാനും റിസ്ക് അവലൻസ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ല തിരിച്ച് തിട്ടപ്പെടുത്തിയിട്ടില്ല.

(സി) പെട്രോൾ ബങ്കുകളിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാരുടെ തൊഴിൽ സാഹചര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നത് 1960-ലെ ഷോപ്പ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ്. ഈ നിയമ പ്രകാരം ഇവർക്ക് 12 ദിവസത്തെ കാഷ്വൽ ലീവ്, 12 ദിവസത്തെ സിക്ക് ലീവ്, ഒരു വർഷം ജോലി ചെയ്ത തൊഴിലാളികൾക്ക് മേൽ പറഞ്ഞ അവധികൾക്ക് പുറമെ 12 ദിവസത്തെ ആർജിത അവധി എന്നിവയ്ക്കും അർഹതയുണ്ട്. കൂടാതെ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയരായ സ്ത്രീ തൊഴിലാളികൾക്ക് 14 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവിനും ഈ നിയമ പ്രകാരം അർഹതയുണ്ട്. ഇവരുടെ കുറഞ്ഞ കൂലി സർക്കാർ ഉത്തരവ് ജി.ഒ.ആർ.ടി.നം.2267/97/തൊഴിൽ തീയതി 4-8-97 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 1948-ലെ പ്രസവാനുകൂല്യ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾക്കും 1989-ലെ കാഷ്വൽ, ടെമ്പററി, ബദലി വർക്കേഴ്സ് നിയമപ്രകാരം ഉള്ള പരിരക്ഷയ്ക്കും അർഹതയുണ്ട്. തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 1952-ലെ പ്രൊവിഡന്റ് ഫണ്ട് നിയമം 1948-ലെ ഇ.എസ്.ഐ. നിയമം, 1958-ലെ ദേശീയ ഉൽസവ അവധി നിയമം എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

(ഡി) ഇവരുടെ സുരക്ഷ സംബന്ധിച്ച് നടപടികൾ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പു വഴി സ്വീകരിച്ചുവരുന്നു.

75 (984) താമരക്കുളത്തിലെ വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള നടപടി

ശ്രീ. എം. ദാസൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ താമരക്കുളത്തിലെ വെള്ളം നഗരവാസികൾക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടത്തെ വെള്ളം ശുദ്ധീകരിക്കുന്നതിനുവേണ്ട എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) താമരക്കുളം ശുദ്ധജല പദ്ധതിയുടെ ഒന്നാംഘട്ടം (കുളം വൃത്തിയാക്കൽ ചുറ്റും പടവുകെട്ടി കൽമതിൽ നിർമ്മിക്കൽ) മാത്രമേ പൂർത്തിയായിട്ടുള്ളൂ. വെള്ളം വിതരണം ആരംഭിച്ചിട്ടില്ല.

(ബി) വെള്ളം ശുദ്ധീകരിക്കുന്നതിന് കുളത്തിന്റെ വശങ്ങളിൽ റോഡ് നിർമ്മിക്കൽ, പമ്പ്ഹൗസ്, ഓവർ ടാങ്ക് എന്നിവയുടെ നിർമ്മാണവും സംബന്ധിച്ചുള്ള രണ്ടാംഘട്ട പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly